**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 545** **10-11-2021 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലകളിൽ ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | (എ) സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നി ജില്ലകളിൽ ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം മികവുറ്റ രീതിയിൽ ഫലപ്രദമായി മുന്നേറുകയാണ്. എംപ്ലോയബിലിറ്റി സെന്ററുകളിൽ 2,25,804 പേർ രജിസ്റ്റർചെയ്യുകയും പരിശീലനം നൽകിയ 1,45,269 ഉദ്യോഗാർത്ഥികളിൽ 72,734 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1931 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിന് എത്രമാത്രം സാധ്യമായിട്ടുണ്ട് എന്ന് അറിയിക്കാമോ ; | (ബി) | (ബി)യും (സി)യും സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ആഗോളതലത്തിലെ തൊഴിൽ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിലുള്ളവയാണ്. വിവിധ മേഖലകളിൽ, ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ദ്ധ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കും മൂല്യനിർണയത്തിനും വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തിരഞ്ഞെടുക്കുന്നത്. വിവിധ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, റിന്യൂവബിൾ എനർജി, കായികം, ഭാഷ പരിശീലനം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട കേന്ദ്ര പദ്ധതികളായ പ്രധാന മന്ത്രി കൗശൽ വികാസ് യോജന (PMKVY), SANKALP-(Skill Acquisition and Knowledge Awarness for Livelihood Promotion) എന്നിവ സംസ്ഥാനത്തു നടപ്പിലാക്കുന്നത് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ആണ്. തൊഴിൽ രംഗങ്ങളിൽ വിദഗ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനം - "സ്റ്റേറ്റ് ജോബ് പോർട്ടൽ", വ്യാവസായിക പരിശീലനവകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ആയ "സ്കിൽ രജിസ്ട്രി" എന്നിവ KASE മുഖേന നടപ്പിലാക്കുന്നു. 2008 ൽ ആരംഭിക്കുകയും 2014 ൽ കേരള സ്കിൽസ് എക്സലൻസിൽ ലയിച്ച് അതിന്റെ ഒരു പ്രോജക്റ്റ് യൂണിറ്റ് ആയി മാറുകയും ചെയ്ത സ്ഥാപനമാണ് കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ. വിവിധ മേഖലകളിൽ പരിചയ സമ്പന്നരായ ഡിസൈനർമാരെ സൃഷ്ടിക്കുക ആധുനിക ഡിസൈൻ സാങ്കേതിക വിദ്യയുടെ പ്രായോഗികത ലഭ്യമാക്കി പരമ്പരാഗത കരകൗശലമേഖലയെ പുരോഗതിയിലേക്കു നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഡിസൈൻ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കെ എസ് ഐ ഡി. KASE ന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇടനിലക്കാരില്ലാതെ കഴിവിനനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ സഹായകമാകും വിധം കെയിസ് പ്രത്യേക സ്കിൽ രജിസ്ട്രി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | (ബി)യും (സി)യും സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ആഗോളതലത്തിലെ തൊഴിൽ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിലുള്ളവയാണ്. വിവിധ മേഖലകളിൽ, ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ധ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കും മൂല്യനിർണയത്തിനും |

| | | | |
|---|---|---|---|
| | | | വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തിരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, റിന്യൂവബിൾ എനർജി, കായികം, ഭാഷ പരിശീലനം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട കേന്ദ്ര പദ്ധതികളായ പ്രധാന മന്ത്രി കൗശൽ വികാസ് യോജന (PMKVY), SANKALP-(Skill Acquisition and Knowledge Awarness for Livelihood Promotion) എന്നിവ സംസ്ഥാനത്തു നടപ്പിലാക്കുന്നത് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ആണ്. തൊഴിൽ രംഗങ്ങളിൽ വിദഗ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനം - "സ്റ്റേറ്റ് ജോബ് പോർട്ടൽ", വ്യാവസായിക പരിശീലനവകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ആയ "സ്കിൽ രജിസ്ട്രി" എന്നിവ KASE മുഖേന നടപ്പിലാക്കുന്നു. 2008 ൽ ആരംഭിക്കുകയും 2014 ൽ കേരള സ്കിൽസ് എക്സലൻസിൽ ലയിച്ച് അതിന്റെ ഒരു പ്രോജക്റ്റ് യൂണിറ്റ് ആയി മാറുകയും ചെയ്ത സ്ഥാപനമാണ് കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ. വിവിധ മേഖലകളിൽ പരിചയ സമ്പന്നരായ ഡിസൈനർമാരെ സൃഷ്ടിക്കുക ആധുനിക ഡിസൈൻ സാങ്കേതിക വിദ്യയുടെ പ്രായോഗികത ലഭ്യമാക്കി പരമ്പരാഗത കരകൗശലമേഖലയെ പുരോഗതിയിലേക്കു നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഡിസൈൻ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കെ എസ് ഐ ഡി. KASE ന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)**

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

**എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOIR)**

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചു വരുന്നു. ഖത്തർ ആസ്ഥാനമായുള്ള ഇറാം സയന്റിഫിക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഇൻസ്ട്രുമെന്റ് ടെക്നിഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, വെൽഡർ, പൈപ്പ് ഫാബ്രിക്കേറ്റർ, പൈപ്പ് ഫിറ്റർ തുടങ്ങി വിവിധ ട്രേഡുകളിൽ മികച്ച രീതിയിൽ പരിശീലനം നൽകി വരുന്നു.

**ഇൻക്യൂബേറ്റർ- കോ-വർക്കിംഗ് സ്പേസ്**

സംസ്ഥാനത്തുടനീളം മൂല്യവർദ്ധിത ജോലികളും പുതിയ സംരംഭങ്ങളും സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പിനു കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ്-മായി (KIED) - സഹകരിച്ച് എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (EDC)/ ഇൻക്യൂബേറ്റർ- കോ-വർക്കിംഗ് സ്പേസ് എന്ന പേരിൽ സംരംഭകത്വ വികസന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

**സെന്റർ ഓഫ് എക്സലൻസ് ഇൻ റിന്യൂവബിൾ എനർജി**

KASE അനെർട്ടുമായി ചേർന്ന് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. അക്ഷയോർജ്ജ, വൈദ്യുതി വാഹനങ്ങളുടെ സാങ്കേതിക വിദ്യ, സോളാർ പാനലുകളുടെ ഇൻസ്റ്റലേഷൻ ഉൾപ്പെടെ വിവിധ മേഖലകളിലായി പരിശീലന പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. തിയറി ക്ലാസ്സുകൾക്ക് പുറമേ പ്രായോഗിക പരിശീലനവും വ്യാവസായിക സംരംഭങ്ങളിലെ തൊഴിൽ മേഖലയിൽ ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം തുടങ്ങിയവയിൽ ഊന്നൽ നൽകി കൊണ്ടാണ് പാഠഭാഗങ്ങൾ ഒരുക്കിയിരിക്കുന്നത്.

**സെന്റർ ഓഫ് എക്സലൻസ് ഇൻ സ്പോർട്സ് സെക്ടർ**

കായിക യുവജന വകുപ്പുമായി കൈകോർത്തുകൊണ്ട് കായിക മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മൾട്ടി - ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**

വിദേശത്തേയ്ക്കായി തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി KASE- ഉം ഒഡെപെക് (ODEPC)- യുമായി സഹകരിച്ച് മൾട്ടി ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET ഒരു പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു

**ഒക്കുപ്പേഷണൽ ട്രെയിനിംഗ് ആന്റ് എക്സാമിനേഷൻ സെന്റർ (OTEC)**

KASE- ഉം ഒഡെപെക് (ODEPC) യുമായി സഹകരിച്ച് Occupation Training and Exam Centre (OTEC) എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ Occupational English Test-നായി (OET) ഒരു പരീക്ഷ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഗൾഫ് രാജ്യങ്ങളിലെയും

യൂറോപ്യൻ രാജ്യങ്ങളിലെയും തൊഴിലവസരങ്ങൾ, ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ യുവജനതയ്ക്ക് മുന്നിൽ തുറന്നു കൊടുക്കുന്നതിനൊപ്പം തന്നെ ഇത്തരം തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പാകപ്പെടുത്തിയെടുക്കുന്നതിനു കൂടി സാഹചര്യമൊരുക്കുന്നതിനായാണ് OTEC പ്രവർത്തിക്കുന്നത് .

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)**

കൺസ്ട്രക്ഷൻ മേഖലകളിൽ അതിവിദഗ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)–ആരംഭിച്ചിട്ടുണ്ട്. IIIC ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ സർട്ടിഫിക്കറ്റ് / ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ IIIC യിലൂടെ സാധിക്കും.

**<u>കൗശൽകേന്ദ്രകൾ</u>**

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ അഭിരുചി മനസിലാക്കി ഉചിതമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുള്ള ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ പരിശീലനം നേടുന്നതിനുള്ള കമ്മ്യൂണിക്കേഷൻ സെൽ, തൊഴിൽ നിപുണത കൈവരിക്കാനുതകുന്ന കമ്പ്യൂട്ടർ പരിശീലനം, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ് പരിശീലനം, എന്നിവ ഉൾപ്പെടുന്ന എംപ്ലോയബിലിറ്റി സെൽ എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ പാളയത്തും പാലക്കാട്ടു ജില്ലയിലെ കുറ്റനാട്ടും നിലവിൽ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. പത്തനംതിട്ട ജില്ലയിലെ കോന്നിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മണ്ഡലത്തിലും കൗശൽ കേന്ദ്രകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**<u>സ്കിൽ അക്വിസിഷൻ ആൻഡ് നോളെഡ്ജ് അവയർനെസ്സ് ഫോർ ലൈവ്ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്) പദ്ധതി</u>**

വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതി ആണ് സങ്കൽപ് (SANKALP – Skill Acquisition and Knowledge Awareness for Livelihood Promotion). നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ KASE ആണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. നൈപുണ്യവികസനത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഗുണനിലവാരമുള്ളതും, വിപണിയിൽ അനുയോജ്യമായതുമായ പരിശീലനം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ

നൈപുണ്യവികസന പദ്ധതികളെ ഏകോപിപ്പിക്കുക, സ്ത്രീകൾ, പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങളിൽപെട്ടവർ, ഭിന്ന ശേഷിക്കാർ, ട്രാൻസ്ജെന്റേഴ്സ് തുടങ്ങിയ വിഭാഗങ്ങൾക്ക് നൈപുണ്യവികസനത്തിൽ ഊന്നിയ തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് ടി പദ്ധതിയുടെ ലക്ഷ്യം.

സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഡിസ്ട്രിക്ട് സ്കിൽ കോഡിനേറ്റർമാരെ KASE വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഒരു സംസ്ഥാന സ്കിൽ കോർഡിനേറ്ററിനെയും ഈ പദ്ധതിയുടെ ഭാഗമായി KASE നിയമിച്ചിട്ടുണ്ട് സങ്കൽപ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**സ്റ്റേറ്റ് ജോബ് പോർട്ടൽ**

സമൂഹത്തിലെ വിവിധ മേഖലകളിൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം തൊഴിൽ രംഗങ്ങളിൽ വിദഗ്ദ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനം - "സ്റ്റേറ്റ് ജോബ് പോർട്ടൽ" തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാല സംവിധാനമായാണ് ജോബ് പോർട്ടൽ പ്രവർത്തിക്കുന്നത്. തൊഴിൽ അന്വേഷകർക്കു സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുവാനും തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്ക് അനുയോജ്യമായ ഉദ്യോഗാർഥിയെ കണ്ടെത്തുവാനും ഇതിലൂടെ സാധിക്കും.

**സ്കിൽ രജിസ്ട്രി**

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് സ്കിൽ ഡെവലപ്പ്മെന്റ് മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വ്യാവസായിക പരിശീലനവകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ ഉതകുന്ന ഒരുമൊബൈൽ ആപ്ലിക്കേഷൻ "സ്കിൽ രജിസ്ട്രി" എന്നപേരിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. വിദഗ്ദ്ധതൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരണത്തിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ എന്നിങ്ങനെ 42 സേവനമേഖലകളിലായി വിദഗ്ദ്ധരുടെസേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരുവിരൽ തുമ്പിൽ ലഭ്യമാകുന്നതാണ്. തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും, ഇവരുടെസേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് സൗജന്യമായി ആപ്പ് ഡൗൺലോഡ് ചെയ്ത്, അടിസ്ഥാന വിവരങ്ങൾ നൽകി സർവീസ് പ്രൊവൈഡറായോ കസ്റ്റമറായോ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ 18,855 കസ്റ്റമേഴ്സും 5,186 സർവീസ് പ്രൊവൈഡേഴ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പി എം കെ വി വൈ പദ്ധതികളിലെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി**

1. പ്രധാന മന്ത്രി കൗശൽ വികാസ് യോജന (പി എം കെ വി വൈ) 2.0 പദ്ധതി ഭൗതികപുരോഗതി

പരിശീലന പങ്കാളികൾ : 33

പരിശീലനത്തിനായി എൻറോൾ ചെയ്ത യുവാക്കൾ : 25260

പരിശീലനം പൂർത്തിയാക്കിയവർ : 24362

സർട്ടിഫിക്കറ്റ് നേടിയവർ : 17115

തൊഴിൽ ലഭ്യമായവർ : 3285

NB : ശേഷിക്കുന്ന യുവാക്കളുടെ പരിശീലനവും. മൂല്യനിർണ്ണയവും തൊഴിൽ ലഭ്യതയും പുരോഗമിച്ചു വരുന്നു

2. പ്രധാന മന്ത്രി കൗശൽ വികാസ് യോജന (പി എം കെ വി വൈ) 3.0 പദ്ധതി ഭൗതികപുരോഗതി

ആകെ പരിശീലന പങ്കാളികൾ : 19

പരിശീലനത്തിനായി എൻറോൾ ചെയ്ത യുവാക്കൾ : 2330

പരിശീലനം പൂർത്തിയാക്കിയവർ : 2294

അസ്സെസ്സ്മെന്റ് പൂർത്തിയാക്കിയവർ : 959

NB : ശേഷിക്കുന്ന യുവാക്കളുടെ നൈപുണ്യ പരിശീലനവും. മൂല്യനിർണ്ണയവും പ്ലേസ്മെന്റും പുരോഗമിച്ചു വരുന്നു

**മികവിന്റെ കേന്ദ്രങ്ങളും അക്രെഡിറ്റഡ് കോഴ്സുകളും വഴി നടത്തിയ പരിശീലന വിവരങ്ങൾ ചുവടെചേർക്കുന്നു**

| NAME OF THE INSTITUTE | TRAINED | PLACEMENT |
|---|---|---|
| NICE | 515 | 194 |
| CATS | 189 | 76 |
| CRETT | 27 | 25 |
| ESPOIR | 1539 | 885 |
| IIIC | 908 | 293 |
| SWAT | 63 | 53 |
| HEDGE | 2715 | 552 |
| LILI | 4 | 4 |
| SMEC | 132 | 70 |
| INDUSCAN | 274 | 165 |
| INCAETEK | 68 | 34 |
| INTERCAD | 119 | 34 |
| INFOPRISM | 684 | NIL |
| SCHOOL OF WELLNESS | 12 | 12 |
| DHANWANTHARY | 359 | 179 |
| ATHEOS | 567 | 567 |

| | | |
|---|---|---|
| MULTI-LANGUAGE LEARNING CENTRE | 32 | NIL |
| OTEC - ANGAMALY | 5 | NA |
| SMRI | 93 | 65 |
| BLITZ ACADEMY | 2192 | 1059 |
| THOUGHTS ACADEMY | 10 | NA |
| KAUSHAL KENDRA | 21360 | |
| **Grand Total** | **31867** | **4267** |

## കെ.എസ്.ഐ.ഡി

ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് ആയ കെ.എസ്.ഐ.ഡി യിൽ മൂന്ന പ്രധാനപ്പെട്ട വിഭാഗങ്ങളിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ (ILPD), ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആൻഡ് അപ്പാരൽ ഡിസൈൻ (ITAD), ഐ.റ്റി . ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ (IICD), എന്നീ വിഭാഗങ്ങളിലാണ് നിലവിൽ കോഴ്സുകൾ നടന്നു വരുന്നത്. ഓരോ വിഭാഗങ്ങളിലും 10 വീതം വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നത്. അഞ്ചു സെമസ്റ്റർ അടങ്ങിയ രണ്ടര വർഷമാണ് കോഴ്സിന്റെ ദൈർഘ്യം. അഖിലേന്ത്യ തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയുടെയും സ്റ്റുഡിയോ ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും പ്രവേശനം നടത്തുന്നതും.

2020-ൽ കെ.എസ്.ഐ.ഡി - ക്ക് എ.ഐ.സി.ടി.ഇ അപ്രൂവലും തുടർന്ന് എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി അഫിലിയേഷനും ലഭിച്ചു, തുടർന്ന് ബി.ഡെസ് കോഴ്സ് ആരംഭിക്കുകയും ചെയ്തു. ബി.ഡെസ് കോഴ്സസിന് 30 വീതം വിദ്യാർത്ഥികളെ ആണ് പ്രവേശിപ്പിക്കുന്നത്. എട്ട് സെമസ്റ്റർ അടങ്ങിയ നാല് വർഷമാണ് കോഴ്സസിന്റെ ദൈർഘ്യം.

Bindu

സെക്ഷൻ ഓഫീസർ